158(900)ശ്രീ.കെ.പി.രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമേഖലാ സ്ഥാപനമായ ഔഷധിയിലെ താല്ക്കാലിക തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഔഷധിയിൽ എത്ര സ്ഥിരം/താല്ക്കാലിക തൊഴിലാളികൾ ഉണ്ട്;

(സി) വർഷങ്ങളായി സ്ഥിരം സ്വഭാവമുള്ള ജോലിയിൽ താൽക്കാലിക തൊഴിലാളികളെ പണി എടുപ്പിക്കുന്നത് നിയമവിരുദ്ധമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതു പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) വളരെയേറെ വികസന സാധ്യത ഉള്ളതും വളർന്നുകൊണ്ടിരിക്കുന്നതുമായ 'ഔഷധി' യുടെ പുതിയ വികസന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) നിലവിലുള്ള മാനദണ്ഡങ്ങൾ അനുസരിച്ച് സ്ഥിരപ്പെടുത്തുവാൻ കഴിയുകയില്ല.

(ബി) 115 സ്ഥിരം ജീവനക്കാരും താല്ക്കാലിക അടിസ്ഥാനത്തിൽ എംപ്ലോയ്മെന്റ് മുഖേന നിയമിച്ച 46 പേരും കോൺട്രാക്റ്റ് അടിസ്ഥാനത്തിൽ നിയമിച്ച 15 പേരും കാഷ്വൽ ലേബർമാർ 145 പേരും ഉണ്ട്. കൂടാതെ ഡെപ്യൂട്ടേഷനിൽ നിയമിച്ച 13 പേരും ജോലി ചെയ്യുന്നു.

(സി) പരിശോധിക്കുന്നതാണ്.

(ഡി) ഔഷധി വിവിധ വികസന പദ്ധതികൾക്ക് രൂപം കൊടുത്തു കൊണ്ടിരിക്കുകയാണ്. പൂർണ്ണരൂപം ആയിട്ടില്ല.

സ്പോർട്ട്സ് കൗൺസിലിലെ നിയമനങ്ങൾ

159(901)ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ സ്പോർട്ട്സ് കൗൺസിൽ എൽ.ഐ.എസ്. ഡിപ്ലോമയ്ക്ക് എത്ര പേരെ സ്പോൺസർ ചെയ്തിട്ടുണ്ട്;

(ബി) അവരിൽ ബിരുദം കഴിഞ്ഞ് ഡിപ്ലോമ കരസ്ഥമാക്കിയവർ എത്ര പേരുണ്ട്;

(സി) ഇവരിൽ ഇപ്പോഴും തൊഴിൽരഹിതരായ ആരെങ്കിലുമുണ്ടോ; എങ്കിൽ അവരുടെ പേരു വിവരവും പാസ്സായ വർഷവും വെളിപ്പെടുത്തുമോ;

(ഡി) സ്പോർട്ട്സ് കാട്ടയിൽ പഠിച്ച് ബിരുദം നേടി സ്പോർട്ട്സ് കൗൺസിൽ മുഖേന എൻ.ഐ.എസ്. കോഴ്സിന് സ്പോൺസർ ചെയ്യപ്പെട്ട് ഡിപ്ലോമ നേടുന്നവർക്ക് സ്പോർട്ട്സ് കൗൺസിലിന് കീഴിലെ നിയമനങ്ങളിൽ മുൻഗണന നൽകുന്ന കീഴ്വഴക്കം മുൻപ് ഉണ്ടായിരുന്നോ;

(ഇ) എങ്കിൽ അതു പ്രകാരം കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ അത്തരത്തിൽ നിയമനം നൽകിയവരുടെ പേരുവിവരം ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 33 പേരെ സ്പോൺസർ ചെയ്തിട്ടുണ്ട്.

(ബി) കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ ബിരുദം കഴിഞ്ഞ് ഡിപ്ലോമ കരസ്ഥമാക്കിയവർ 13 പേരാണ്.

(സി) ഡിപ്ലോമ കരസ്ഥമാക്കിയവരിൽ തൊഴിൽരഹിതരമായ ആൾക്കാരുടെ സ്ഥിതി വിവരകണക്കുകൾ ലഭ്യമല്ല.

(ഡി) ഇല്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

മഞ്ചേശ്വരം മൈനർ പോർട്ട് നിർമ്മാണം

160(902)ശ്രീ. ചെർക്കളം അബ്ദുള്ള :

ശ്രീ. സി.ടി. അഹമ്മദ് അലി :

ശ്രീ. സി. മൊയീൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേശ്വരം മൈനർപോർട്ട് നിർമ്മാണം ആരംഭിക്കുന്നത് സംബന്ധിച്ച് എന്ത് നടപടി സ്വീകരിച്ചു;

(ബി) നിർമ്മാണത്തിന് എത്ര തുക വേണ്ടി വരും;

(സി) എന്നത്തേക്ക് പോർട്ട് പ്രവർത്തിപ്പിക്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മഞ്ചേശ്വരത്ത് ഒരു ചെറുകിട തുറമുഖം സ്ഥാപിക്കുന്നതിന് വേണ്ടി സംസ്ഥാന സർക്കാർ 6.10.98-ലെ 8346/ഡി1/98/മ.തു.വ. നോട്ടിഫിക്കേഷൻ പ്രകാരം ഉത്തരവായിട്ടുണ്ട്. ഇക്കാര്യത്തിൽ അനന്തര നടപടികൾ സ്വീകരിച്ചു വരികയാണ്.

(ബി)&(സി) ഇതു സംബന്ധിച്ച വിശദാംശങ്ങൾ സർക്കാർ പരിശോധിക്കുന്നതാണ്.

പുതിയതായി തുടങ്ങുന്ന ഐ.ടി.സി. കളിൽ മോഡേൺ ട്രേഡുകൾ ആരംഭിക്കാൻ നടപടി

161 (903)ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :

ശ്രീ. പി.കെ. അബ്ദുറബ്ബ് :

ശ്രീ. കെ.പി.എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതിയ ഐ.ടി.സി.കൾ തുടങ്ങുന്നതിന് അനുമതി നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ പുതുതായി തുടങ്ങുന്ന ഐ.ടി.സി. കളിൽ കൂടുതൽ ബാച്ചുകൾ മോഡേൺ ട്രേഡുകൾക്കായി അനുവദിക്കാൻ നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly